കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി12-264/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി, 12.03.2020
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി12-264/2020 തീയതി: 12.03.2020

## ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 01.12.2018 മുതൽ 30.09.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.വി. സന്തോഷ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.10.2019 മുതൽ 26.10.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.വി.മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. റോയ്. ടി.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. സജിമോൾ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി. വി. എ. സേതുലക്ഷ്മി | 01.04.2018 മുതൽ 01.08.2018 വരെ |
| ശ്രീമതി. ലീലാമ്മ ആന്റണി | 02.08.2018 മുതൽ 31.03.2019 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ. അജയകുമാർ. പി | 01.04.2018 മുതൽ 04.06.2018 വരെ<br>15.06.2018 മുതൽ 24.09.2018 വരെ<br>07.10.2018 മുതൽ 31.03.2019 വരെ |
| ശ്രീ. ഷാജി. എസ്, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) | 05.06.2018 മുതൽ 14.06.2018 വരെ<br>25.09.2018 മുതൽ 06.10.2018 വരെ |

**മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. പ്രസീജ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ. സിമിലാൽ.എച്ച് | 01.04.2018 മുതൽ 01.05.2018 വരെ |
| | ഡോ.സിനു.ഇസഡ് | 02.05.2018 മുതൽ 01.06.2018 വരെ |
| | ഡോ.ബോണി | 02.06.2018 മുതൽ 07.10.2018 വരെ<br>05.01.2019 മുതൽ 31.03.2019 വരെ |
| | ഡോ.സിനി വിജയൻ (ചാർജ്ജ്) | 08.10.2018 മുതൽ 04.01.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. മേഴ്സി ജോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. റോസ്മി ജോർജ്ജ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. മേരി ലിഷി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ധന്യ. ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, തൈക്കൽ | ശ്രീമതി. സുജ.വി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, അർത്തുങ്കൽ | ശ്രീമതി. വിലാസിനി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, അരീപ്പറമ്പ് | ശ്രീ. അനിൽകുമാർ. കെ. എ | 01.04.2018 മുതൽ 04.10.2018 വരെ |
| | ശ്രീമതി. ഇന്ദുലേഖ | 05.10.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സലില | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി. ഷീല.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ഷാജി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച് |
| 12 | 1-12 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല |
| 13 | 1-13 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 14 | 1-14 | ഇ-ടെണ്ടർ ഫീസ് തിരികെ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല |
| 15 | 1-15 | ഹരിതകർമ്മസേന – യൂസർഫീ അടവാക്കുന്നതിലും കണക്കുകൾ സൂക്ഷിക്കുന്നതിലും ഗുരുതരമായ വീഴ്ച |
| 16 | 1-16 | ഡെപ്പോസിറ്റ് വർക്കുകൾ - കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി മാറിയിട്ടില്ല |
| 17 | 1-17 | വെള്ളക്കരം,വൈദ്യുതി ചാർജ് അടവ്-ചെലവിന്റെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല |
| 18 | 1-18 | തനതുഫണ്ട് വിനിയോഗത്തിലെ അപാകങ്ങൾ |
| 19 | 1-19 | സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം - പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം,മോണിറ്ററിംഗ് കാര്യക്ഷമമല്ല |
| 20 | 1-20 | പാലിയേറ്റീവ് കെയർ - പ്രവർത്തനം വിലയിരുത്തപ്പെടുന്നില്ല |
| 21 | 1-21 | 55-ാം നമ്പർ അംഗൻവാടിക്ക് കെട്ടിടം പണിയുന്നതിന് പഞ്ചായത്ത് വിഹിതം സർക്കാരിലേക്ക് അടയ്ക്കൽ - പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 22 | 1-22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - മുൻഗുർ അനുവദിക്കുന്നതിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല |
| 23 | 1-23 | ആശ്രയപദ്ധതി ഭവനനിർമ്മാണം |
| 24 | 1-24 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല |
| 25 | 1-25 | തനത്ഫണ്ട് ചെലവുകൾ - ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിന് ഉയർന്ന തുക ചെലവഴിക്കുന്നു. |
| 26 | 1-26 | മരാമത്ത് പ്രവൃത്തികൾ – പൊതു ന്യൂനതകൾ. |
| 27 | 1-27 | പനമ്പിൽ – കളത്തിൽ റോഡ് നിർമ്മാണം – നിശ്ചിത തീയതിക്കകം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല. |
| 28 | 1-28 | ടാറിംഗ് വേലകളുടെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കാത്തതു സംബന്ധിച്ച്- |
| | | |

| | | |
|---|---|---|
| 29 | 1-29 | കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികളിൽ നിന്ന് ഫൈൻ ഈടാക്കിയില്ല |
| 30 | 1-30 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ |
| 31 | 1-31 | തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽസ് സപ്ളൈയേഴ്സസിൽ നിന്നും ജി.എസ്.ടി റ്റി.ഡി.എസ് ഈടാക്കിയില്ല |
| 32 | 1-32 | അംഗൻവാടികളുടെ ഭൗതികസാഹചര്യം തൃപ്തികരമല്ല |
| 33 | 2-1 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല |
| 34 | 2-2 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 35 | 2-3 | പനമ്പിൽ – കളത്തിൽ റോഡ് നിർമ്മാണം – നിശ്ചിത തീയതിക്കകം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല |
| 36 | 3-1 | തനതുഫണ്ട് ചെലവ് - അധികം നൽകിയ തുക അനുവദിക്കുന്നില്ല |
| 37 | 3-2 | കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികളിൽ നിന്ന് ഫൈൻ ഈടാക്കിയില്ല |
| 38 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 39 | 4-2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 40 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 41 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 42 | 4-5 | വായ്പ/വായ്പാതിരിച്ചടവ് |
| 43 | 4-6 | സ്ഥിര നിക്ഷേപം |
| 44 | 4-7 | ഓഡിറ്റ് റിക്കവറി |
| 45 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 46 | 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 47 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 48 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 49 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 50 | അനുബന്ധം-2 | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

21.03.2018 തീയതിയിലെ I(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 28.02.2019 തീയതിയിലെ I(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 414277737 | 399421290 |
| വാർഷിക കണക്ക് പ്രകാരം | 184144601 | 123178157 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ അന്തരം കാണുന്നു. മുൻവർഷങ്ങളിലെ വരവ് ചെലവുകളെ അടിസ്ഥാനമാക്കി, തൻവർഷം ഉണ്ടാകാവുന്ന വ്യത്യാസം കൂടി

പരിഗണിച്ച് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 24.05.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20340268 |
| വരവ് | 163804333 |
| ആകെ | 184144601 |
| ചെലവ് | 123178157 |
| നീക്കിയിരിപ്പ് | 60966444 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 27723830 | 27723830 | 24260173 | 3463657 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5281000 | 5281000 | 3389085 | 1891915 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 524000 | 524000 | 524000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6726000 | 6726000 | 3739880 | 2986120 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5681000 | 5681000 | 2657936 | 3023064 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 12866000 | 12866000 | 9067502 | 3798498 |
| സാക്ഷരത | 28771 | 1021 | 29792 | 0 | 29792 |
| ദുരിതാശ്വാസനിധി | 28459 | 8284 | 36743 | 23500 | 13243 |
| ഐ.സി.ഡി.എസ്. | 4583948 | 1266319 | 5850267 | 611754 | 5238513 |
| എസ്.ഡബ്ല്യൂ.എം. | 0 | 709987 | 709987 | 0 | 709987 |
| ഉറവിട മാലിന്യ സംസ്കരണം സംസ്ഥാന വിഹിതം | 2000000 | 0 | 2000000 | 100000 | 1900000 |
| സാനിട്ടേഷൻ | 564856 | 20030 | 584886 | 0 | 584886 |
| വിമുക്തി | 25000 | 25000 | 50000 | 9653 | 40347 |
| കോർപ്പസ് ഫണ്ട് | 725000 | 500000 | 1225000 | 0 | 1225000 |

| | | | | | |
|---|---|---|---|---|---|
| ഫിഷറീസ് | 500000 | 0 | 500000 | 0 | 500000 |
| ഒ.ഡി.എഫ്. | 2065000 | 0 | 2065000 | 0 | 2065000 |
| ബി ഫണ്ട് | 0 | 1161720 | 1161720 | 1161720 | 0 |
| ജോയിന്റ് വെഞ്ചർ ബ്ലോക്ക് പഞ്ചായത്ത് | 0 | 4728416 | 4728416 | 3784111 | 944305 |
| ജോയിന്റ് വെഞ്ചർ ജില്ലാ പഞ്ചായത്ത് | 0 | 6956273 | 6956273 | 4470884 | 2485389 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 232821418 | 89 | 101975588 | 66 | 20 | 50.86 % |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

**<u>സർക്കാർ ഗ്രാന്റുകൾ-അലോട്ട്മെന്റ് തുകയും ചെലവ് പത്രിക പ്രകാരം വകയിരുത്തിയ തുകയും വ്യത്യസ്തം</u>**

വിവിധ ഗ്രാന്റുകളുടെ ACR പ്രകാരമുള്ള അലോട്ട്മെന്റ്, ചെലവു പത്രിക പ്രകാരമുള്ള വകയിരുത്തൽ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ACR പ്രകാരമുള്ള അലോട്ട്മെന്റ് | ചെലവ് പത്രിക പ്രകാരമുള്ള വകയിരുത്തൽ |
|---|---|---|
| വികസഫണ്ട് ജനറൽ | 27723830 | 28688720 |
| വികസനഫണ്ട് എസ്.സി.പി | 5281000 | 5516665 |
| വികസനഫണ്ട് ടി.എസ്.പി | 524000 | 690750 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 6726000 | 6886059 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 5681000 | 7108731 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12866000 | 14995615 |

**<u>ഫണ്ട് വിനിയോഗത്തിലെ വീഴ്ച – 1.51 കോടി രൂപ നഷ്ടമായി</u>**

ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 1.51 കോടി രൂപ പാഴായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഗ്രാമ പഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 3463657 |
| വികസന ഫണ്ട് എസ്.സി.പി. | 1891915 |
| വികസന ഫണ്ട് ടി.എസ്.പി | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 2986120 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 3023064 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3798498 |
| **ആകെ** | **15163254** |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തെതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതുവഴി അതിൽനിന്നു ലഭ്യമാകുന്ന ആസ്തികളും വികസന ക്ഷേമ പ്രവർത്തനങ്ങളും ജനങ്ങൾക്ക് നഷ്ടമാകുന്നു. ഫണ്ടു വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

**2018-19 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽനിന്നും വിവിധ മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും ചെലവും**

| മേഖല/പദ്ധതി | 2018-19 ലെ ബജറ്റിന്റെ അനുബന്ധം IV പ്രകാരം ലഭിക്കുന്ന വിഹിതത്തിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|
| ഉല്പാദനമേഖല (ജനറൽ സാധാരണവിഹിതം) | 4435840 | 5789500 | 4299302 |
| ശുചിത്വം- മാലിന്യസംസ്കരണം- ജലസംരക്ഷണം (ജനറൽ സാധാരണവിഹിതം) | 2217920 | 2300000 | 1772250 |
| പാർപ്പിടമേഖല (ജനറൽ സാധാരണവിഹിതം) | 5544800 | 9000000 | 9000000 |
| വനിതാഘടകപദ്ധതി | 2798420 | 3673100 | 1896550 |
| കുട്ടികൾ, ഭിന്നശേഷിയുള്ളവർ, | 1399210 | 1426000 | 215603 |

| | | | |
|---|---|---|---|
| ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി | | | |
| വയോജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതി (പാലിയേറ്റീവ് കെയർ ഉൾപ്പെടെ) | 1399210 | 1470950 | 1410279 |

പാർപ്പിടമേഖലയ്ക്കായി വകയിരുത്തേണ്ട മിനിമം തുകയിലും കൂടുതൽ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത് അഭിനന്ദനാർഹമാണ്. എന്നാൽ ഉല്പാദനമേഖല (ജനറൽ സാധാരണവിഹിതം), ശുചിത്വം- മാലിന്യസംസ്കരണം-ജലസംരക്ഷണം (ജനറൽ സാധാരണവിഹിതം), വനിതാഘടകപദ്ധതി, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി എന്നിവയിൽ വകയിരുത്തേണ്ട മിനിമം തുകയിലും കൂടുതൽ വകയിരുത്തിയിട്ടുണ്ടെങ്കിലും മിനിമം തുകയിലും കുറവാണ് ചെലവ് ചെയ്തിട്ടുള്ളത്. പദ്ധതിവിഹിതത്തിന്റെ മേഖലാ വകയിരുത്തലുകൾ പൂർണ്ണമായി പാലിച്ചുകൊണ്ട് ഓരോ മേഖലയിലും പ്രത്യേക പദ്ധതികൾക്കും വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 59964 | 831997 | 891961 | 872066 | 19895 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 108340380 | 108340380 | 108340380 | 0 |
| ആകെ | 59964 | 109172377 | 109232341 | 109212446 | 19895 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 579720 | 239 |
| കർഷകതൊഴിലാളി പെൻഷൻ | 7106800 | 586 |
| വിധവാപെൻഷൻ | 11359300 | 963 |
| വാർദ്ധക്യകാലപെൻഷൻ | 24992600 | 2496 |
| വികലാംഗപെൻഷൻ | 6937700 | 453 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 420000 | 14 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2278700 | 193 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 6550/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.
2. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
5. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
6. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
7. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.09.2019,26.09.2019 | ആഗസ്റ്റ് 2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.2016-27.02.2016 | 2010-11 മുതൽ 2014-15 വരെ | 26.03.2016 |

## 1-11 വാർഷിക കണക്കുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

കെ.എസ്.എ-എ.എൽ.പി-പി.13-625/19 തീയതി. 29.06.2019 പ്രകാരം പുറപ്പെടുവിച്ച ഓഡിറ്റ് സാക്ഷ്യപത്രത്തിന് അനുബന്ധമായി ചേർത്തിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല. ഇതു കൂടാതെ താഴെപ്പറയുന്ന അപാകങ്ങൾ കൂടി കണ്ടെത്തിയിട്ടുണ്ട്.

01) വികസനഫണ്ട് ജനറൽ യഥാർത്ഥ വരവ് 27,72,400/- രൂപയും ചെലവ് 2,42,60,343/- രൂപയുമാണ്. എന്നാൽ കെ.എസ്.ഇ.ബി.യ്ക്ക് സോഴ്സ് ഡിഡക്ഷൻ ആയി നൽകിയ 170/- രൂപ കുറച്ചുള്ള തുകയാണ് ACR/AFS-ൽ വരവ് ചെലവായി ഉൾപ്പെടുത്തിയിട്ടുള്ളത്.

02) ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-18 പ്രകാരമുള്ള അഡ്വാൻസുകൾ സംബന്ധിച്ച് അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ശീർഷകങ്ങളിൽ അഡ്വാൻസ് നൽകിയ തുകകളിൽ മുൻബാക്കിയായി വലിയ തുക

ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവ സംബന്ധിച്ച വിശദാംശങ്ങളൊന്നും അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിൽ നിലനിൽക്കുന്ന അഡ്വാൻസുകളുടെ വിശദാംശങ്ങൾ, തുക നൽകിയ വർഷം, പ്രോജക്ട് നം, പദ്ധതിയുടെ പേര്, കരാർ വിശദാംശങ്ങൾ, പദ്ധതി പൂർത്തീകരിക്കാത്തതിന്റെ കാരണം/തുക തിരികെ ഈടാക്കാത്തതിന്റെ കാരണം എന്നിവ ലഭ്യമാക്കുന്നതിനായി എൻക്വയറി നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. അഡ്വാൻസുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| നം. | ഇനം | വർഷാരംഭത്തിലുള്ള അഡ്വാൻസ് തുക | വർഷാവസാന അഡ്വാൻസ് തുക |
|---|---|---|---|
| 1 | Temporary Advance for Official Purposes | 141228 | 868890 |
| 2 | Advance KSEB | 1800840 | 2269064 |
| 3 | Advance to Others | 371586 | 412657 |
| 4 | Electricity Deposit | 4132 | 4132 |
| 5 | Advance to Implementing Officers | 4642 | 2687 |

03) ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-9 പ്രകാരമുള്ള Sundry Creditors ശീർഷകത്തിൽ other liabilites ആയി 165970/- രൂപ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവ സംബന്ധിച്ച വിശദാംശങ്ങളൊന്നും ലഭ്യമല്ല.

04) പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ വർഷങ്ങളായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ഷെഡ്യൂൾ i-3 Rental Income ശീർഷകത്തിൽ rent from lease of land എന്ന ഹെഡിൽ 39/- രൂപ ഡിമാന്റ് രേഖപ്പെടുത്തുകയും ഈയിനത്തിൽ തുക ഈടാക്കുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ ഈ വരവിന്റെ വിശദാംശങ്ങൾ, കുത്തകപ്പാട്ടത്തിന്റെ വിവരം, ലേലം നടത്തിയ കാലയളവ്, കരാറുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ, നിലവിൽ ലേലം നടത്താത്തതിന്റെ കാരണം എന്നിവയൊന്നും ലഭ്യമല്ല.
വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ അഡ്വാൻസുകളേയും മറ്റ് ഇനങ്ങളേയും സംബന്ധിച്ച എല്ലാ രേഖകളും കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നതിനും ക്രമീകരിക്കപ്പെടാത്ത അഡ്വാൻസുകൾ, ഡെപ്പോസിറ്റുകൾ എന്നിവ അടിയന്തിരമായി പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
05) ലൈഫ് ഭവന നിർമ്മാണം (ജനറൽ) ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നുള്ള ചെലവ് 28,22,647/- രൂപയാണ്. എന്നാൽ ഐ.കെ.എം. ചെലവ് പത്രിക പ്രകാരമുള്ള ചെലവ് 28,11,784/- രൂപയാണ്. 10,863/- രൂപയുടെ വ്യത്യാസം വ്യക്തമാക്കപ്പെട്ടിട്ടില്ല.

## 1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ ബി.എസ്.എൻ.എൽ. മൊബൈൽ ടവറിന്റെ 2013-14 മുതൽ 2018-19 സാമ്പത്തിക വർഷം വരെയുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം& കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | ഒന്നാം അർദ്ധവർഷത്തെ തുക | ലൈബ്രറി സെസ്സ് | രണ്ടാം അർദ്ധവർഷത്തെ തുക | ലൈബ്രറി സെസ്സ് |
|---|---|---|---|---|---|---|
| 21/486 | മാനേജർ, ബി.എസ്.എൻ.എൽ ആലപ്പുഴ | 2013-14 | 6325 | 316 | 6325 | 316 |
| | | 2014-15 | 6325 | 316 | 6325 | 316 |
| | | 2015-16 | 6325 | 316 | 6325 | 316 |
| | | 2016-17 | 6325 | 316 | 6325 | 316 |
| | | 2017-18 | 6325 | 316 | 6325 | 316 |
| | | 2018-19 | 6325 | 316 | 6325 | 316 |
| | | ആകെ | 37950 | 1896 | 37950 | 1896 |
| ആകെ വസ്തുനികുതി | | | 75900 | | | |
| ആകെ ലൈബ്രറി സെസ് | | | 3792 | | | |

വസ്തു നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. :5/19.10.2019) മറുപടി ലഭ്യമാക്കിയില്ല. തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി ഒടുക്കു വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം ഈടാക്കേണ്ട തുക | രണ്ടാം അർദ്ധവർഷം ഈടാക്കേണ്ട തുക | നഷ്ടം |
|---|---|---|---|---|
| 1 | മാവേലി സ്റ്റോർ അർത്തുങ്കൽ | - | 1250 | 1250 |
| 2 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് ചേർത്തല | - | 1250 | 1250 |
| 3 | ചേർത്തല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1250 | - | 1250 |
| ആകെ | | | | 3750 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.:03/18.10.19) മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കി ഒടുക്കുവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ഇ-ടെണ്ടർ ഫീസ് തിരികെ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല

2018-19 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത 26 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ 71498/- രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ

ചെയ്തിരുന്നു. ഇപ്രകാരം ട്രാൻസ്ഫർ ചെയ്ത ടെണ്ടർ ഫീസ് തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ടി തുക എത്രയുംവേഗം തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് ഒടുക്ക വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ഹരിതകർമ്മസേന – യൂസർഫീ അടവാക്കുന്നതിലും കണക്കുകൾ സൂക്ഷിക്കുന്നതിലും ഗുരുതരമായ വീഴ്ച

ഗ്രാമ പഞ്ചായത്തിൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 25.10.2017 – ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം 25 പേർ അടങ്ങിയ ഹരിതകർമ്മസേന അംഗങ്ങളെ അംഗീകരിക്കുകയും 2017 നവംബർ 1 മുതൽ ഹരിതകർമ്മസേന പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ വീടുകളിൽ നിന്നു കടകളിൽനിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ സെന്ററിൽ നിക്ഷേപിച്ചിട്ടുണ്ട്. വീടുകളിൽ നിന്നു കടകളിൽനിന്നും യൂസർഫീ ഈടാക്കുന്നതിനുള്ള രസീതുകളുടെ പരിപാലനത്തിലും പിരിവ് തുക ബാങ്ക് അക്കൗണ്ടിൽ അടവാക്കുന്നതിലും ബന്ധപ്പെട്ട കണക്കുകൾ സൂക്ഷിക്കുന്നതിലും ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു.

1) വീടുകളിൽ നിന്നും 20/- രൂപ വീതവും കടകളിൽ നിന്ന് 50/- രൂപയും വീതമാണ് യൂസർഫീ ഈടാക്കുന്നത്. ഇതു കൂടാതെ ഹരിതകർമ്മസേനയ്ക്ക് സെറാമിക് പ്ലേറ്റ്, സ്റ്റീൽ ഗ്ലാസ്, റാക്ക് എന്നിവ 2,72,250/- രൂപ ചെലവഴിച്ച് വാങ്ങി നൽകിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 17.12.2018-ലെ തീരുമാനം 3(1) പ്രകാരം ഇവ വാടകയ്ക്ക് നൽകുന്നതിനും പ്ലേറ്റ് കഴുകി വൃത്തിയാക്കി തിരികെ നൽകുന്നതിന് 2 രൂപ പ്രകാരവും അപ്രകാരമല്ലാത്തതിന് 3 രൂപ പ്രകാരവും ഈടാക്കുന്നതിനും സ്റ്റീൽ ഗ്ലാസ്സ് ഒന്നിന് 50 പൈസ നിരക്കിലും ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. യൂസർ ഫീ കളക്ഷനുപയോഗിക്കുന്ന രസീതുബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, വീടുകളിലെ കളക്ഷനായി ഒരു ബുക്കിൽ 100 കൂപ്പൺ അടങ്ങിയ 200 ബുക്കുകൾ (20000 കൂപ്പൺ) 25.11.2017-ൽ ലഭിച്ചിട്ടുണ്ടെന്നു കാണുന്നു. 02.08.2018 വരെ 15000 കൂപ്പണുകളാണ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഹരിതകർമ്മസേനയ്ക്ക് നൽകിയിട്ടുള്ളത്. ബാലൻസ് 4800 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനുശേഷം രസീത് ബുക്ക് പ്രിന്റ് ചെയ്തതിന്റെ വിവരമോ പിരിവിന് നൽകിയതിന്റെ വിവരമോ രജിസ്റ്ററിൽ ചേർത്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തത് സംബന്ധിച്ചും ഹരിതകർമ്മസേനയ്ക്ക് യൂസർഫീ കളക്ഷനും പ്ലേറ്റ്, ഗ്ലാസ് മുതലായവയുടെ വാടക കളക്ഷനുമായി നാളിതുവരെ നൽകിയ പ്രിന്റ് ചെയ്ത രസീത് ബുക്കുകളുടെ വിശദാംശവും ഉപയോഗിച്ച രസീത് ബുക്കുകളും സ്റ്റോക്കിലുള്ള രസീതുബുക്കുകളും പരിശോധനയ്ക്ക് ഹാജരാക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് 20 രൂപയുടെ കൂപ്പൺ അടങ്ങിയ 400 ബുക്കുകളും 50 രൂപയുടെ കൂപ്പൺ അടങ്ങിയ 20 ബുക്കുകളും വാടക കളക്ഷനായി 6 ബുക്കുകളും പ്രിന്റ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുകയും ഈ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഹാജരാക്കുകയും ചെയ്തു. ഉപയോഗിച്ച രസീതുബുക്കുകൾ പൂർണ്ണമായി കണ്ടെത്തി പരിശോധനയ്ക്ക് ഹാജരാക്കുകയോ സ്റ്റോക്കിലുള്ള രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

2) ക്യാഷ് ബുക്ക് പ്രകാരം 27.11.2017 മുതൽ യൂസർ ഫീ കളക്ട് ചെയ്തിട്ടുണ്ട്. എന്നാൽ 1000 രൂപ നിക്ഷേപിച്ച് 30.01.2018 -ലാണ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത്. ശ്രീ.ഷാജി.എസ് (അസി.സെക്രട്ടറി), ശ്രീമതി.റോസ് മേരി (ആരോഗ്യവിദ്യഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ) ശ്രീമതി.സ്മിത.എസ് (ഗ്രൂപ്പ് ലീഡർ, ഹരിതകർമ്മസേന) എന്നിവരുടെ പേരിൽ ഫെഡറൽ ബാങ്കിലാണ് സംയുക്ത അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത്. എന്നാൽ കളക്ട് ചെയ്യുന്ന യൂസർഫീ ഹരിതകർമ്മസേന അംഗങ്ങൾ കൃത്യമായി ബാങ്ക് അക്കൗണ്ടിൽ അടവാക്കുന്നില്ല. ചെലവുകൾ ബാങ്ക് അക്കൗണ്ട് വഴിയല്ലാതെ നേരിട്ട് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. തുക ബാങ്കിൽ അടച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | ക്യാഷ് നീക്കിയിരിപ്പ് | തുക അടവാക്കിയ തീയതി. | അടച്ച തുക | കളക്ഷൻ ഉൾപ്പെടെ നീക്കിയിരുപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 14.02.2018 | 35915 | 15.02.2018 | 25000 | 14375 |
| 04.04.2018 | 85790 | 05.04.2018 | 49000 | 38230 |
| 06.04.2018 | 39530 | 07.04.2018 | 5150 | 34380 |
| 16.05.2018 | 39710 | 17.05.2018 | 18500 | 23470 |
| 24.05.2018 | 35630 | 25.05.2018 | 14850 | 21680 |

30.05.2018 വരെ മാത്രമാണ് ക്യാഷ്ബുക്ക് എഴുതിയിട്ടുള്ളത്. ക്യാഷ്ബുക്ക് പ്രകാരം 11219 വരെയുള്ള രസീതുകളാണ് ഉപയോഗിച്ചിട്ടുള്ളത്. ഹരിതകർമ്മസേന ഈടാക്കുന്ന യൂസർഫീ സംബന്ധിച്ച് കൃത്യമായി കണക്കുകൾ സൂക്ഷിക്കുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പാക്കുകയോ ചെയ്യുന്നില്ല. ഹരിതകർമ്മസേന ഈടാക്കുന്ന യൂസർഫീ സംബന്ധിച്ച് കൃത്യമായി കണക്കുകൾ സൂക്ഷിക്കാത്തതിനാലും അക്കൗണ്ട് വഴിയല്ലാതെ നേരിട്ട് ചെലവുകൾ നടത്തുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ രസീത് പ്രകാരം ഈടാക്കിയ യൂസർഫീയുടെ അടവിന്റെ കൃത്യത ഉറപ്പാക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

3) വീടുകളിൽ നിന്നും കളക്ട് ചെയ്യുന്ന പ്ലാസ്റ്റിക് മാലിന്യം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിലാണ് സൂക്ഷിച്ചിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിൽ കറണ്ട് കണക്ഷൻ, വാട്ടർ കണക്ഷൻ മുതലായവ ഇല്ല. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടില്ല. കളക്ട് ചെയ്ത മാലിന്യം നീക്കം ചെയ്യാതെ കൂട്ടിയിട്ടിരിക്കുകയാണ്. ഇപ്രകാരം ശേഖരിച്ച മാലിന്യം നീക്കം ചെയ്യപ്പെടാത്തതിനാൽ ആയത് നീക്കം ചെയ്തതിനുശേഷം മാത്രം പ്രവർത്തിച്ചാൽ മതിയെന്ന് നാട്ടുകാർ അറിയിച്ചതിനെത്തുടർന്ന് ഹരിതകർമ്മസേന നിലവിൽ പ്രവർത്തിക്കുന്നില്ല.

4) 2018 സെപ്റ്റംബർ മാസത്തെ 587-ാം നമ്പർ വൗച്ചർ പ്രകാരം ഗ്രീൻ ആർമിക്ക് വേതനം നൽകുന്നതിനായി 07.09.18-ലെ 300261 നമ്പർ ചെക്ക് പ്രകാരം 1,25,000/- രൂപ തനതുഫണ്ടിൽനിന്നും പിൻവലിച്ചിട്ടുണ്ട്. വയബിലിറ്റി ഗ്യാപ്പ് ഫണ്ടിൽ നിന്നും പരമാവധി 6 മാസത്തെ വേതനം നൽകിയശേഷം തുടർന്ന് ഗുണഭോക്താക്കളിൽനിന്നും ഈടാക്കുന്ന യൂസർഫീ ഉപയോഗിച്ചാണ് ഗ്രീൻ ആർമി അംഗങ്ങളുടെ പ്രതിഫലം നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്. പഞ്ചായത്ത് കമ്മറ്റിയുടെ 29.08.2018-ലെ 9(1) തീരുമാനപ്രകാരം തനതുഫണ്ടിൽനിന്നും നിന്നും നൽകിയ തുക മൂന്നുമാസത്തിനകം ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ നിന്നും തനതുഫണ്ട് അക്കൗണ്ടിലേക്ക് തിരികെ അടയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ തുക തനതുഫണ്ടിലേക്ക് ക്രമീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 1,25,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഹരിതകർമ്മസേന പിരിക്കുന്ന യൂസർഫീ കൃത്യമായി അക്കൗണ്ടിൽ അടവാക്കുന്നതിലും രേഖകളും കണക്കുകളും സൂക്ഷിക്കുന്നതിലും ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ള സാഹചര്യത്തിൽ സമഗ്രമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. തുടർനടപടികളുടെ വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മാത്രമല്ല, മാലിന്യസംസ്കരണം ഫലപ്രദമായി നടപ്പിലാക്കുന്നതിനും ഹരിതകർമ്മസേന പ്രവർത്തനം ആരംഭിക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

# 1-16 ഡെപ്പോസിറ്റ് വർക്കുകൾ - കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി മാറിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ സ്ട്രീറ്റ് ലൈൻ നീട്ടൽ (S0020/19) എന്ന പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 5,00,000/- രൂപ വകയിരുത്തിയിരുന്നു. ഗ്രാമ പഞ്ചായത്തിലെ 1 മുതൽ 22 വരെയുള്ള വാർഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി 4,68,224/- രൂപ 29.01.2019 – ലെ ബിൽ നം.17/18-19 പ്രകാരം പിൻവലിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ

ഡെപ്പോസിറ്റ് ചെയ്തു. തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1/16.10.2019) പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ലെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി. യുമായി കരാർ വച്ചിട്ടുണ്ടെങ്കിലും കരാറിൽ പൂർത്തീകരണ കാലയളവ് സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമൂലം സമയബന്ധിതമായി പ്രവൃത്തി നിർവ്വഹണം പൂർത്തിയാക്കുന്നത് കെ.എസ്.ഇ.ബി.യുടെ ബാധ്യത ആകുന്നില്ല. ഇത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. കരാറിൽ പൂർത്തീകരണ കാലാവധി ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

2018-19 വാർഷികകണക്ക് B-18 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിലേതുൾപ്പെടെ 22,69,064/- രൂപ കേരള ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തത് വിനിയോഗിക്കപ്പെട്ടിട്ടില്ല. മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത 18,00,840/- രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|---|
| 1 | 2016-17 | പഞ്ചായത്തിലെ വിവിധ റോഡുകളിലെ സ്ട്രീറ്റ് ലൈൻ നീട്ടൽ | 399840 |
| 2 | 2017-18 | അംബേദ്കർ ഗ്രാമം തൈക്കൽ പാലം പാലത്തിങ്കൽ റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ | 218000 |
| 3 | 2017-18 | ഗ്രാമ പഞ്ചായത്ത് വാർഡുകളിൽ വൈദ്യുതലൈൻ നീട്ടൽ | 1183000 |

ഇതിൽ ക്രമ നമ്പർ 1,2 പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതായി അർത്തുങ്കൽ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിക്ക് (നം.1/16.10.2019) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പോസ്റ്റിന്റെ അഭാവം മൂലം ക്രമ നം. 3 പ്രകാരമുള്ള പ്രവൃത്തി ഭാഗികമായി മാത്രമേ ചെയ്തിട്ടുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. 2017-18, 2018-19 വർഷങ്ങളിൽ അടവാക്കിയ 16,51,224/- രൂപയാണ് കെ.എസ്.ഇ.ബിയിൽ നിഷ്ക്രിയമായി അവശേഷിക്കുന്നത്. 30.11.2018-ലെ പഞ്ചായത്ത് കമ്മറ്റിയുടെ 6-ാം അജണ്ടയിൽ 2016-17 വർഷം കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ട് പ്രവൃത്തി നടത്താത്തതായി ഭരണസമിതി അംഗങ്ങൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. ജനങ്ങൾക്ക് പ്രയോജനപ്രദമാകേണ്ട പദ്ധതിപ്പണം സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്. പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-17 വെള്ളക്കരം,വൈദ്യുതി ചാർജ് അടവ്-ചെലവിന്റെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 1,73,250/- രൂപ തനത് ഫണ്ടിൽ നിന്നും വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം 01/04/2018 ൽ നിലവിലുള്ള 396 പൊതുടാപ്പുകൾക്ക് പ്രതിവർഷം 5,250/- രൂപ നിരക്കിലാണ് തുക നൽകി വരുന്നത്. ജി.ഒ. (ആർ.ടി) 2242/2011/തസ്വഭവ തീയതി, 28.09.2011 സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വാട്ടർ അതോറിറ്റിയും നടത്തുന്ന സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിലാവണം ഗ്രാമപഞ്ചായത്തിലെ വെള്ളക്കരം നിശ്ചയിക്കേണ്ടത്. പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങളിലും തദ്ദേശസ്ഥാപനങ്ങൾ ഗാർഹിക കണക്ഷനുകൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് പൊതുടാപ്പുകളുടെ എണ്ണം കുറക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി കഴിഞ്ഞ വർഷങ്ങളിലെ വിവിധ പദ്ധതികളിലായി പദ്ധതിപ്പണവും തനത് ഫണ്ടും ധാരാളമായി വിനിയോഗിച്ചിട്ടുണ്ട്. പദ്ധതി ധനസഹായം ഇല്ലാതെ സ്വന്തം നിലക്ക് വാട്ടർ കണക്ഷൻ എടുക്കുന്നവരും അനവധിയാണ്. ഈ സാഹചര്യത്തിൽ നിശ്ചിത കാലയളവുകളിൽ വിവിധ പ്രദേശങ്ങളിലെ പൊതുടാപ്പുകളുടെ ആവശ്യകത കൃത്യമായി നിർണ്ണയിക്കേണ്ടതും കേടുപാടുകളില്ലാത്ത, ഉപയോഗിക്കുന്ന

ടാപ്പുകളുടെ മാത്രം വെള്ളക്കരമാണ് നൽകുന്നത് എന്നുറപ്പുവരുത്തേണ്ടതും അനിവാര്യമാണ്. ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയും ചേർന്ന് നടത്തിയ സംയുക്ത പരിശോധനകളുടെ വിശദവിവരങ്ങളും ഏറ്റവും ഒടുവിൽ നടത്തിയ സംയുക്ത പരിശോധനയുടെ റിപ്പോർട്ടും പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.4/18.10.2019) നൽകിയെങ്കിലും രേഖകളൊന്നും ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം ഒരു ലക്ഷം രൂപയോളം തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നുണ്ട്. കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമുള്ള തുക ഒടുക്കുന്നതല്ലാതെ ആകെ വൈദ്യുതി ചാർജ്ജ് അടക്കുന്ന തെരുവുവിളക്കുകളുടെ എണ്ണം, അവയുടെ തരം (സി.എഫ്.എൽ, എൽ.ഇ.ഡി, ട്യൂബ് സെറ്റുകൾ, സാധാരണ ബൾബുകൾ), വാട്ട്, ഓരോന്നിലും ഈടാക്കുന്ന പ്രതിമാസ വൈദ്യുതി ചാർജ്ജ് എന്നീ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബിയിൽ നിന്നും വാങ്ങി സൂക്ഷിക്കുന്നില്ല. തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിന്റെ വിശദാംശങ്ങളും താരിഫ് വിവരങ്ങളും ലഭ്യമാക്കുന്നതിന് എൻക്വയറി നൽകിയെങ്കിലും രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഏറ്റവുമധികം തുക ചെലവഴിക്കുന്ന വെള്ളക്കരം, തെരുവുവിളക്കുകൾ എന്നിവ സംബന്ധിക്കുന്ന മിനിമം വിവരങ്ങൾ ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നില്ലായെന്നത് ഗൗരവതരമാണ്. പൊതുടാപ്പുകളുടേയും തെരുവുവിളക്കുകളുടേയും ഉപയോഗം കണക്കാക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനും ഗ്രാമപഞ്ചായത്ത് യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന പൊതുടാപ്പുകൾക്കുള്ള വെള്ളക്കരവും, നിലവിൽ സ്ഥാപിച്ചിട്ടുള്ള, പ്രവർത്തനക്ഷമമായ തെരുവുവിളക്കുകളുടെ കൃത്യമായ താരിഫ് പ്രകാരമുള്ള തുകയും മാത്രമേ ചെലവഴിക്കപ്പെടുന്നുള്ളൂ എന്നുറപ്പാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 തനതുഫണ്ട് വിനിയോഗത്തിലെ അപാകങ്ങൾ

ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ട് ചെലവുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1) ഗ്രാമപഞ്ചായത്തിലെ അർത്തുങ്കൽ പൊഴി, ചേന്നവേലി പൊഴി എന്നിവ മുറിച്ച് വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വർഷങ്ങളായി തുക നൽകുന്നുണ്ട്. 2018-19 ൽ ശ്രീ.പ്രസാദ്.കെ എന്നയാൾക്കാണ് ക്വട്ടേഷൻ വഴി മണിക്കൂറിന് 1300/- രൂപ പ്രകാരം ഈ പ്രവൃത്തിക്ക് കരാർ നൽകിയിട്ടുള്ളത്. ഇതിന്റെ വൗച്ചറുകൾ പരിശോധിച്ചതിൽ 30/07/2018 ൽ അർത്തുങ്കൽ പൊഴി മുറിച്ചതിനായി 4550 രൂപ 17/10/2018 ലെ 675-ാം നമ്പർ വൗച്ചർ പ്രകാരവും (ചെക്ക് നം-300270 dt 10/10/2018) 30/11/2018 ലെ 822-ാം നമ്പർ വൗച്ചർ പ്രകാരവും (ചെക്ക് നം-300277 തീയതി. 29/11/2018) രണ്ടുതവണ ശ്രീ.പ്രസാദ്.കെ-യ്ക്ക് നൽകിയിട്ടുണ്ട്. രണ്ട് വൗച്ചറുകളുടേയും ഒപ്പം 30/07/2018 ൽ അർത്തുങ്കൽ പൊഴി മുറിച്ചതായി ബന്ധപ്പെട്ട 20-ാം വാർഡ് മെമ്പറുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിക്കുന്ന ജെ.സി.ബി വാടക-പൊഴിമുറിക്കൽ രജിസ്റ്ററിൽ 30/07/2018 ൽ ചേന്നവേലി പൊഴിയും അർത്തുങ്കൽ പൊഴിയും മുറിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ 30.7.2018-ൽ മുറിച്ച അർത്തുങ്കൽ പൊഴിക്ക് രണ്ടു തവണ തുക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈയിനത്തിൽ അധികം നൽകിയ 4550/-രൂപ തിരികെ ഈടാക്കേണ്ടതാണ്. ജെ.സി.ബി. വാടക രജിസ്റ്ററിൽ 31/07/2018 ൽ ചേന്നവേലി പൊഴി മുറിച്ചതിന് 10/08/2018ലെ 499-ാം നമ്പർ വൗച്ചർ പ്രകാരം (ചെക്ക് നം-300255 തീയതി. 10/08/2018) നൽകിയ വിവരം ചേർത്തിട്ടുമില്ല. ഇത് സംബന്ധിച്ച് 17.10.2019ൽ 2-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഒരേ ദിവസം 2 പൊഴിയും മുറിച്ചതായാണ് മറുപടി നൽകിയത് എന്നാൽ ഇത് തെളിയിക്കുന്ന രേഖകളില്ല.

2) ഗ്രാമപഞ്ചായത്തിലെ വിവിധ ഘടക സ്ഥാപനങ്ങളിലെ കണ്ടിജന്റ് ചെലവുകൾക്കായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് തനത് ഫണ്ടിൽ നിന്നും മുൻകൂർ അനുവദിക്കുന്നുണ്ട്. എന്നാൽ ഈ തുകയുടെ ചെലവ് രേഖകൾ വൗച്ചറുകൾക്കൊപ്പം ഹാജരാക്കുന്നില്ല. നൽകുന്ന അഡ്വാൻസ് തുകകളിൽ ചെലവഴിക്കാൻ

ബാക്കിയുള്ള തുക നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. അഡ്വാൻസ് തുകകൾ സമയപരിധിയ്ക്കകം ക്രമീകരിക്കപ്പെടുന്നതും ബാക്കി തുക തിരികെ ലഭ്യമാകുന്നുവെന്നതും ഉറപ്പുവരുത്തേണ്ടതാണ്.

3) ഗ്രാമപഞ്ചായത്തിലെ കാലവർഷ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായി വാർഡ് തലത്തിൽ 10,000 രൂപ വീതം 13.06.18 ലെ 299 മുതൽ 320 വരെയുള്ള വൗച്ചറുകൾ പ്രകാരം 22 വാർഡ് സാനിറ്റേഷൻ സമിതി കൺവീനർമാർക്ക് നൽകിയിട്ടുണ്ട്. ഈ തുകയുടെ ചെലവുവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകളുടെ അഭാവത്തിൽ 2,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം - പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം,മോണിറ്ററിംഗ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിലെ വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ ഫയലുകൾ പരിശോധിച്ചതിൽ പെൻഷൻ അപേക്ഷകളുടെ പരിശോധന, പെൻഷൻ അനുവദിക്കൽ, പെൻഷൻ വിതരണം എന്നിവ സമഗ്രമായ മോണിറ്ററിംഗിന് വിധേയമാക്കുന്നില്ല. പെൻഷൻ അപേക്ഷകൾ പ്രകാരം പെൻഷൻ അനുവദിക്കുന്നതിൽ സർക്കാർ മാനദണ്ഡപ്രകാരമുള്ള സമയക്രമം കൃത്യമായി പാലിക്കപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കപ്പെടുന്ന പെൻഷൻ അപേക്ഷകൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് അന്വേഷണത്തിനായി നൽകുന്നതിലും അവരിൽ നിന്നും അന്വേഷണ റിപ്പോർട്ടുകൾ ലഭിക്കുന്നതിലും ഇത് പ്രകാരം പെൻഷൻ അനുവദിക്കുന്നതിലും ഉൾപ്പടെയുള്ള എല്ലാ ഘട്ടങ്ങളിലും വലിയ കാലതാമസം ഉണ്ടാവുന്നുണ്ട്. സർക്കാർ മാനദണ്ഡപ്രകാരം പെൻഷൻ അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം അവയിൽ തീർപ്പ് കൽപ്പിക്കേണ്ടതാണ്. എന്നാൽ എല്ലാ പെൻഷനുകളും തന്നെ ഇരട്ടിയോളം സമയം എടുത്താണ് തുടർനടപടികൾ സ്വീകരിച്ചുവരുന്നത്. പെൻഷൻ സംബന്ധമായ രജിസ്റ്ററുകളുടെ പരിപാലനം കൃത്യമല്ല. ഓരോ പെൻഷന്റെയും അപേക്ഷ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തീയതി, അപേക്ഷകന്റെ വിശദവിവരങ്ങൾ, അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥന് നൽകിയ തീയതി, റിപ്പോർട്ട് ലഭ്യമായ തീയതി, റിപ്പോർട്ടിന്റെ സംക്ഷിപ്തം, ശുപാർശ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച വിവരം, കമ്മിറ്റി തീരുമാനം, പെൻഷൻ അനുവദിച്ച തീയതി എന്നിങ്ങനെയുള്ള വിവരങ്ങൾ ഓരോ അപേക്ഷ സംബന്ധിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ അപേക്ഷകന്റെ പേരുവിവരം മാത്രമാണ് ചില പെൻഷൻ രജിസ്റ്ററുകളിൽ (കർഷകത്തൊഴിലാളി പെൻഷൻ) രേഖപ്പെടുത്തിയിട്ടുള്ളത്. അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥന് നൽകിയ തീയതി (ഉദ്യോഗസ്ഥർ അപേക്ഷ കൈപ്പറ്റിയ തിയതി), റിപ്പോർട്ട് ലഭ്യമായ തീയതി എന്നിവ പല രജിസ്റ്ററിലും രേഖപ്പെടുത്തുന്നില്ല. ഏതാനും അപേക്ഷകളും അവ പ്രകാരം പെൻഷൻ അനുവദിച്ചതിന്റെ വിശദവിവരങ്ങളും ചുവടെ ചേർക്കുന്നു.

| നം. | പെൻഷൻ ഇനം | ഗുണഭോക്താവിന്റെ പേര് | അപേക്ഷ തീയതി | അപേക്ഷ അന്വേഷണത്തിന് നൽകിയ തീയതി | പെൻഷൻ അനുവദിച്ച തീയതി |
|---|---|---|---|---|---|
| 01 | വിധവ പെൻഷൻ | രമ,പള്ളിക്കപ്പറമ്പിൽ | 30/08/18 | 13/11/2018 | 07/01/19 |
| | | സുജാത, കൊല്ലേലിവെളി | 19/09/18 | 13/11/2018 | 07/01/19 |
| | | പ്രഭ യു.പി, ഉത്തമൻപറമ്പ് | 06/07/18 | 13/11/2018 | 07/01/19 |
| 02 | വികലാംഗ പെൻഷൻ | ബ്രയോൺ, ആലത്തറ | 06/06/18 | 08/08/18 | 07/01/19 |
| | | എറിക് ജെയിംസ്, | 05/09/18 | 14/11/18 | 07/01/19 |

| | | | | | |
|---|---|---|---|---|---|
| | | കുട്ടങ്കൽ | | | |
| | | ഷെബു,പള്ളിക്കത്തെയ്യിൽ | 26/06/18 | 08/08/18 | 07/01/19 |
| 03 | വാർദ്ധക്യകാല പെൻഷൻ | തിലകൻ,ബാലഗുരുച്ചിറ | 05/04/18 | 16/05/18 | 07/01/19 |
| | | ദിനേശൻ,നിവർത്തിൽ | 11/06/18 | 08/08/18 | 07/01/19 |

02) നിലവിൽ പെൻഷൻ വാങ്ങുന്നവരിൽ അർഹതാമാനദണ്ഡങ്ങൾ പ്രകാരം പിന്നീട് അയോഗ്യരാവുന്നവരെ കണ്ടെത്തി പെൻഷനിൽ നിന്നും ഒഴിവാക്കുന്നതിന് തുടർപരിശോധനകൾ നടത്തുന്നതിന് തദ്ദേശസ്ഥാപനങ്ങളെ ചുമതലപ്പെടുത്തി പലതവണ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം അന്വേഷണം നടത്തി അനർഹരെ വിവിധ പെൻഷനുകളിൽ നിന്നും ഒഴിവാക്കിയതിന്റെ വിവരങ്ങളൊന്നും ലഭ്യമല്ല. ഇത് തുടർച്ചയായി നടത്തേണ്ട ഒരു പ്രക്രിയ ആയിരിക്കെ ഇതിനായി പ്രത്യേകം സംവിധാനം ഏർപ്പെടുത്തുകയോ ഇതിന്റെ മോണിറ്ററിംഗ് നടത്തുകയോ ചെയ്യുന്നില്ല.

03) സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവ വഴി നേരിട്ട് വീട്ടിൽ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്ന സാഹചര്യത്തിൽ, അവരുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിനായി പെൻഷൻ കൈപ്പറ്റാത്തവരെ സംബന്ധിച്ചുള്ള വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും പഞ്ചായത്ത് പെൻഷൻ വിതരണത്തിന് ചുമതലയുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഇത് മൂലം റദ്ദാക്കപ്പെടേണ്ട പെൻഷനുകൾ തെറ്റായി വിതരണം നടത്തുന്ന സാഹചര്യം ഉണ്ടാവുന്നു. ഗുണഭോക്താവ് മരണപ്പെടുന്ന വേളയിൽ തന്നെ ഗ്രാമപഞ്ചായത്ത് തലത്തിൽ പെൻഷൻ റദ്ദാക്കാനുള്ള അവസരം ഇല്ലാതാവുന്നു.

04) ബാങ്ക് അക്കൗണ്ടുകൾ വഴി പെൻഷൻ വാങ്ങുന്ന ഗുണഭോക്താവ് മരണപ്പെടുന്ന സാഹചര്യത്തിൽ പെൻഷൻ റദ്ദുചെയ്യുന്നതിനും അധിക തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കുന്നതിനും നിലവിൽ നടപടിയൊന്നും സ്വീകരിച്ചുവരുന്നില്ല. തുടർച്ചയായി പെൻഷൻ കൈപ്പറ്റാതെ വരുന്ന സന്ദർഭങ്ങളിൽ DBT സെല്ലിൽ നിന്നും രേഖാമൂലം അറിയിക്കുന്ന ഗുണഭോക്താക്കളുടെ പെൻഷൻ മാത്രമാണ് നിലവിൽ റദ്ദാക്കപ്പെടുന്നത്.

05) പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ വാർഡ് മെമ്പർമാർ ഉൾപ്പടെയുള്ളവരുടെ റിപ്പോർട്ട് പ്രകാരം റദ്ദ് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് വളരെയെളുപ്പം നടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള റദ്ദാക്കൽ നിലവിൽ നടക്കുന്നില്ല.

06) പഞ്ചായത്തിൽ പെൻഷൻ പുതുതായി അംഗീകരിക്കുമ്പോഴും അപേക്ഷകൾ നിരസിക്കുമ്പോഴും വാർഡ് തല ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭകളിൽ അവതരിപ്പിക്കുന്നതിനും ആക്ഷേപങ്ങൾ സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുവാനുമുള്ള സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്ത് വിതരണം നടത്തുന്ന സാമൂഹ്യസുരക്ഷാപെൻഷനുകളുടെ അംഗീകാരം, വിതരണം, മോണിറ്ററിംഗ് എന്നിവ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിനും സർക്കാർ ഉത്തരവുകളും മാനദണ്ഡങ്ങളും കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-20 പാലിയേറ്റീവ് കെയർ - പ്രവർത്തനം വിലയിരുത്തപ്പെടുന്നില്ല

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മറ്റി മൂന്നു മാസത്തിലൊരിക്കലെങ്കിലും കൂടി തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനമെടുക്കേണ്ടതുമാണ്. എന്നാൽ മാനേജ്മെന്റ് കമ്മറ്റി യോഗം ചേർന്നതിന്റെ മിനിട്സ്, പാലിയേറ്റീവ് കെയർ നിർവ്വഹണകമ്മറ്റി യോഗത്തിന്റെ മിനിട്സ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.

തദ്ദേശഭരണ സ്ഥാപനങ്ങൾ വർഷത്തിലൊരിക്കൽ പ്രത്യേക അജണ്ടയായി പാലിയേറ്റിവ് പ്രവർത്തനം വിലയിരുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണെങ്കിലും ഇപ്രകാരം ഭരണസമിതി ചർച്ച നടത്തുകയോ പ്രവർത്തനം വിലയിരുത്തുകയോ ചെയ്തിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യുന്നില്ല. പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടുതൽ സജീവവും കാര്യക്ഷമവുമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടേയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 55-ാം നമ്പർ അംഗൻവാടിക്ക് കെട്ടിടം പണിയുന്നതിന് പഞ്ചായത്ത് വിഹിതം സർക്കാരിലേക്ക് അടയ്ക്കൽ - പ്രവൃത്തി ആരംഭിച്ചിട്ടില്ല

വനിതാ ശിശു വികസന ഡയറക്ടറുടെ 16.03.2019-ലെ ICDS-A7/3187/16 ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ 55-ാം നമ്പർ അംഗൻവാടിക്ക് 14.5 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ കെട്ടിടം നിർമ്മിക്കുന്നതിന് യൂണിറ്റ് കോസ്റ്റിന്റെ 40% തുക തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കുമെന്ന ഉറപ്പിന് വിധേയമായി അംഗീകാരം ലഭിച്ചു. പ്രോജക്ടിനായി (നം. S0154/19) മെയിന്റനൻസ് ഫണ്ട് നോൺ റോഡിൽ നിന്നും 529000 രൂപയും തനതുഫണ്ട് 51000 രൂപയും ഉൾപ്പെടെ 580000 രൂപ വകയിരുത്തിയിരുന്നു. 2018-19 വർഷം 51000 രൂപ (ചെക്ക് നം. 1774263/25.03.19) പിൻവലിച്ച് പൊതുമരാമത്ത് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള 8443-00-108-PWD ഡെപ്പോസിറ്റ് ശീർഷകത്തിൽ അടച്ചു. 529000 രൂപ 2019-20 വർഷത്തിലാണ് ചെലവഴിച്ചിട്ടുള്ളത്. കെട്ടിടനിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിലവിൽ 55-ാം നമ്പർ അംഗൻവാടി കെട്ടിടം ജീർണ്ണാവസ്ഥയിലാണെന്നും കെട്ടിടം പൊളിച്ചുനീക്കുന്നതിന് അസിസ്റ്റൻറ് എഞ്ചിനീയർ വാല്യുവേഷൻ എടുത്തതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - മുൻകൂർ അനുവദിക്കുന്നതിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ (എസ്.സി.പി) നിന്നും 15 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 14.02.2018-ലെ ജി.ഒ (എം.എസ്.) 22/2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം പഠനമുറി നിർമ്മാണത്തിന് 50000 രൂപയാണ് മുൻകൂർ അനുവദിക്കാവുന്നത്. എന്നാൽ ഇതിനുവിരുദ്ധമായി നിർമ്മാണം പൂർത്തിയാക്കാതെ പല ഗഡുക്കളായി തുക നൽകിയിട്ടുണ്ട്. മാത്രമല്ല, 75000 രൂപയും 100000 രൂപയും മുൻകൂറായി നൽകിയിട്ടുണ്ട്.

| | പേര് | ഒന്നാം ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു | നാലാം ഗഡു |
|---|---|---|---|---|---|
| 1 | കമലമ്മ | 50000 | 50000 | 50000 | 50000 |
| 2 | ഷീല ധനഞ്ജയൻ | 50000 | - | - | - |
| 3 | കരുണാകരൻ | 50000 | 50000 | 50000 | - |
| 4 | ലതിക പങ്കജാക്ഷൻ | 100000 | 50000 | - | - |
| 5 | തിലോത്തമ | 75000 | 50000 | - | - |

| | | | | | |
|---|---|---|---|---|---|
| 6 | സുമേഷ്കുമാർ | 75000 | 50000 | – | – |
| 7 | ശ്രീധരൻ | 50000 | 50000 | 50000 | – |
| 8 | ഗൗരി | 50000 | 50000 | – | – |
| 9 | അംബുജാക്ഷി | 50000 | 50000 | 50000 | – |
| 10 | ഹരിദാസ് | 50000 | 50000 | 50000 | – |
| 11 | അനിത ആനന്ദൻ | 50000 | 50000 | 50000 | – |

ശ്രീമതി.കമലമ്മ ഒഴികെയുള്ള ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആനുകൂല്യം കൈപ്പറ്റിയ 11 പേരിൽ 8 പേർ പഠനമുറി നിർമ്മാണം പൂർത്തിയാക്കി അവസാനഗഡു കൈപ്പറ്റിയിട്ടുണ്ടെന്നും ശ്രീ.കരുണാകരൻ ഇപ്പോൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ശ്രീമതി.ഗൗരി, ശ്രീമതി.ഷീല ധനഞ്ജയൻ എന്നിവർ നിർമ്മാണം പൂർത്തീകരിച്ചുവരുന്നുണ്ട് എന്നുമാണ് അറിയിച്ചിട്ടുണ്ട്. ഇവരുടെ പഠനമുറി നിർമ്മാണം എത്രയുംവേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. മുൻകൂർ നൽകുന്നതിൽ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-23 ആശ്രയപദ്ധതി ഭവനനിർമ്മാണം

ഗ്രാമ പഞ്ചായത്തിൽ അഗതിരഹിത കേരളം പദ്ധതിക്കായി ആകെ 233 ഗുണഭോക്താക്കളുണ്ട്. ഇതിൽ 8 പേർ മരണപ്പെട്ടതിനാലും 4 പേർ മറ്റ് കാരണങ്ങളാലും ആനുകൂല്യത്തിന് അർഹരല്ല. 2 പേർക്ക് വീടും സ്ഥലവും, 17 പേർക്ക് വീട്, 43 പേർക്ക് വീട് മെയിന്റനൻസ് എന്നീ ആവശ്യങ്ങളാണ് ഉള്ളത്. ഇതിൽനിന്നും 3 പേർക്ക് വീടു നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. സമൂഹത്തിൽ അവശത അനുഭവിക്കുന്ന അഗതി ആശ്രയവിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹികവുമായ ഉന്നമനത്തിനായി പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ആശ്രയ പദ്ധതിക്കായി 30.11.2018-ലെ ബിൽ നം. 5/18-19 പ്രകാരം 4,00,000/- രൂപ പിൻവലിച്ച് കുടുംബശ്രീ സി.ഡി.എസിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ നിന്നും 1,75,000/- രൂപ ശ്രീമതി.ചന്ദ്രമതി, എ എസ് കനാൽ കോളനി എന്ന ഗുണഭോക്താവിന് രണ്ട് ഗഡുക്കളായി നൽകിയിട്ടുണ്ട്. ഈ ഗുണഭോക്താവിന്റെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്.

ആശ്രയ പദ്ധതിയുടെ അർത്ഥുങ്കൽ എസ്.ബി.ഐ യിലുള്ള 10458043982 അക്കൗണ്ടിൽ നിന്നും 18,43,000/- രൂപ ട്രാൻസ്ഫർ ചെയ്തുകൊണ്ട് 12.02.2019-ൽ അഗതിരഹിതകേരള പദ്ധതിക്കായി ഫെഡറൽ ബാങ്കിൽ 12.02.2019-ൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 05.10.2019-ൽ ആശ്രയ പദ്ധതിയുടെ അർത്ഥുങ്കൽ എസ്.ബി.ഐ യിലുള്ള 10458043982 അക്കൗണ്ടിൽ 10,645/- രൂപയും ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ 11,03,832/- രൂപയും ബാലൻസ് ഉണ്ട്. ആശ്രയ പദ്ധതിയുടെ അക്കൗണ്ട് ക്ലോസ് ചെയ്ത് തുക അഗതിരഹിതകേരള പദ്ധതിക്കായി ഫെഡറൽ ബാങ്കിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

# 1-24 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ (പ്രോജക്ട് നം. S0010/19) എന്ന പ്രോജക്ടിനായി ബിൽ നം.3/18 തീയതി. 26.11.2018 പ്രകാരം 2,00,000/- രൂപ പിൻവലിച്ച് ഹോംകോയ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ 1,22,047/- രൂപയുടെ മരുന്ന് ലഭിച്ചതിന്റെ ഇൻവോയ്സ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ശേഷിക്കുന്ന 77,953/- രൂപയുടെ മരുന്ന് ലഭിച്ചതിന്റെ ഇൻവോയ്സും സ്റ്റോക്കിലെടുത്തതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 23.10.2019-ൽ

നൽകിയ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 77,953/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 തനത്ഫണ്ട് ചെലവുകൾ - ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിന് ഉയർന്ന തുക ചെലവഴിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ തനതുഫണ്ട് ചെലവുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന ആദായ നികുതിയുടെ ത്രൈമാസ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനായി കുമാർ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് തനത് ഫണ്ടിൽ നിന്നും തുക നൽകി വരുന്നുണ്ട്. ത്രൈമാസ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിന് 2000 രൂപയിലധികമാണ് സ്ഥാപനം ചാർജ്ജ് ചെയ്യുന്നത്.(e.g വൗച്ചർ നം-179 Rs.2060/-& വൗച്ചർ നം-891 Rs.2370/-) പഞ്ചായത്തിലെ മരാമത്ത് വിഭാഗത്തിൽ നിന്നുള്ള ആദായ നികുതി റിട്ടേണുകളും ഇതേ സ്ഥാപനം തന്നെയാണ് തയ്യാറാക്കി നൽകുന്നത്. അതിന്റെ ചെലവുകളും തനത് ഫണ്ടിൽ നിന്നാണ് നൽകി വരുന്നത്. ആദായനികുതി നിയമം സെക്ഷൻ 200(3) പ്രകാരം നികുതി ഈടാക്കുന്ന ഉദ്യോഗസ്ഥൻ തന്നെയാണ് റിട്ടേണുകൾ തയ്യാറാക്കി സമർപ്പിക്കാനും ചുമതലപ്പെട്ടിരിക്കുന്നത്. ഇലക്ട്രോണിക്കായി തയ്യാറാക്കാവുന്ന ഈ റിട്ടേണുകളുടെ uploading ന് മാത്രമാണ് സേവനദാതാക്കളെ ആവശ്യമായി വരുന്നത്. ഇതിനാകട്ടെ 50 രൂപ വരെ മാത്രമാണ് ചാർജ്ജുള്ളത്. റിട്ടേണുകൾ ഫയൽ ചെയ്യുന്ന സേവനത്തിന് മറ്റ് സേവനദാതാക്കൾ ഈടാക്കുന്നതിലും 3 ഇരട്ടി തുക നിലവിൽ ചെലവഴിക്കപ്പെടുന്ന സാഹചര്യത്തിൽ കുറഞ്ഞ നിരക്കിൽ ഈ സേവനം ലഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 മരാമത്ത് പ്രവൃത്തികൾ – പൊതു ന്യൂനതകൾ.

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(a) മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച. ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റ് വർഷം 91 മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ചിരുന്നെങ്കിലും ആകെ 43 പ്രവൃത്തികൾ മാത്രമേ നടപ്പാക്കിയുള്ളൂ. നടപ്പാക്കാതിരുന്ന 48 പ്രവൃത്തികളിൽ 44 എണ്ണവും പുതിയ പ്രോജക്ടുകളാണ്. ലഭ്യമായ ഫണ്ടിൽ 38% മാത്രമാണ് തൻവർഷം പശ്ചാത്തല മേഖലയിൽ ചെലവഴിച്ചിട്ടുള്ളത്. ഏറ്റെടുക്കുന്ന പ്രവൃത്തികൾ പരമാവധി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(b) ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ സംബന്ധിച്ച് കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പിഴ സംബന്ധിച്ച് 2012 നുമുമ്പ് നിലനിന്നിരുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(c)ഭൂരിഭാഗം പ്രവൃത്തികളിലും പൂർത്തീകരണവുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(d)ആസ്തി രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്ത് കാലികമാക്കിയിട്ടില്ല.

വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികൾ നിയമാനുസൃതം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

# 1-27 പനമ്പിൽ – കളത്തിൽ റോഡ് നിർമ്മാണം – നിശ്ചിത തീയതിക്കകം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല.

പനമ്പിൽ – കളത്തിൽ റോഡ് നിർമ്മാണം എന്ന പ്രവൃത്തി നടപ്പാക്കുന്നതിനായി ടെണ്ടർ ലഭിച്ച കരാറുകാരനായ ശ്രീ.സതീഷ് കുമാറിന് ഗ്രാമപഞ്ചായത്തുമായി കരാർ ചമച്ച് പ്രവൃത്തി ആരംഭിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനീയർ 3.11.18-ൽ സെലക്ഷൻ നോട്ടീസ് നൽകുകയുണ്ടായി. സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ ചമയ്ക്കുന്നതിനുള്ള അവസാന തീയതി 17.11.18 ഉം 1% പിഴയോടുകൂടി കരാർ ചമയ്ക്കുന്നതിനുള്ള അവസാന തീയതി 27.11.18 ഉം ആണ്. ശ്രീ.സതീഷ് കുമാർ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്നത് 19.11.18-ന് ആണ്. ഇതനുസരിച്ച് ടിയാനിൽ നിന്നും പി.എ.സിയുടെ 1% തുക പിഴ ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനകം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയാണ് ബിൽ തയ്യാറാക്കി തുക നൽകിയിട്ടുള്ളത്. ആയതിനാൽ പി.എ.സി (2,57,902/-)യുടെ 1% ആയ 2,579/- കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിലനിർത്തുന്നതാണ്.

ബിൽ നം. 18/2018-19/30.1.2019 – തുക- 2,22,394/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

# 1-28 ടാറിംഗ് വേലകളുടെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കാത്തതു സംബന്ധിച്ച്-

താഴെ പറയുന്ന ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പായ്ക്ക് ചെയ്ത ബിറ്റുമിന്റെ നിരക്കാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഈ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്ന് ബാരൽ വില കുറയ്ക്കാതെയാണ് കരാറുകാരന് നൽകിയത്. ഇതുസംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

| ക്രമനം | പ്രവൃത്തിയുടെ പേര്, കരാറുകാരന്റെ പേര് | ഉപയോഗിച്ച ടാർ, ബാരലിന്റെ എണ്ണം | എം.ബുക്ക് നമ്പർ, | ആകെ പ്രവൃത്തി മൂല്യം, ബിൽ നം. തീയതി | ബാരലിന്റെ വില |
|---|---|---|---|---|---|
| 1 | ചമ്പക്കാട് – മുട്ടുങ്കൽ റോഡ് ടാറിംഗ് വാർഡ് 21 പ്രോജക്ട് നം. 38/2019 ജോബ്.കെ.ജെ | 1844 Kg 12 Nos | 49/2017-18 | തുക-588112/- 14/2018-19/ 15.12.2018 | 3000 |
| 2 | പുറന്തോടത്ത് – നെടിയാപറമ്പ് റോഡ് നിർമ്മാണം വാർഡ് 11 പ്രോജക്ട് നം. 47/19 രാജേഷ്.പി. | 2378 Kg 15 Nos | 20/2018-19 | തുക-481112/- 15/2018-19/5.1.19 | 3750 |
| 3 | കോലോത്ത്ചിറ – ചിറയവടകര റോഡ് മെറ്റലിഗ് & ടാറിംഗ് വാർഡ് 10 പ്രോജക്ട് നം.45/19 ഖാദിൽക്കർ.ആർ | 1100 Kg 7 Nos | 19/2018-19 | തുക – 436426/- 16/2018-19/5.1.19 | 1750 |
| | ആകെ തുക | | | | 8500/- |

മേൽ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ബാരൽ വില ഈടാക്കാതിരുന്നത് മൂലമുള്ള നഷ്ടം കരാറുകാരിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്. തുക കരാറുകാരിൽ നിന്ന് ഈടാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

# 1-29 കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികളിൽ നിന്നു് ഫൈൻ ഈടാക്കിയില്ല

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാർ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1% നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള എല്ലാ പ്രവൃത്തികളിലും പിഴ സംബന്ധിച്ച് 2012 നുമ്പ് നിലനിന്നിരുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തന്മൂലം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരനിൽനിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്.

| ക്രമ നം. | പ്രവർത്തിയുടെ പേര്, പ്രോജക്ട് നം, എഗ്രീഡ് പി എ സി, കരാറുകാരന്റെ പേര് | ബിൽ നം./ തീയതി | കരാർ കാലാവധി, പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ തുക |
|---|---|---|---|---|---|
| 1 | കൊച്ചിറ ഭജനമഠം – പാലത്തിങ്കൽ റോഡിന് കുറുകെ കല്ലുകെട്ട്<br>PAC-598916/-<br>സി.ബി. ശോഭൻ | 9/2018-19/ 31.5.18 | 180 ദിവസം<br>23.3.18 | 23.5.2018 | 598916x3% = 17967/- |
| 2 | 57-ാം നമ്പർ അംഗൻവാടി മെയിന്റനൻസ് & ടോയ്‌ലറ്റ് നിർമ്മാണം.<br>PAC-280761/-<br>ഖാദിൽക്കർ.ആർ | 12/2018-19/ 30.6.18. | 90 ദിവസം<br>2.5.2018 | 29.5.2018 | 280761 x 1% = 2808/- |
| 3 | 56 നമ്പർ അംഗൻവാടിയ്ക്ക് ടോയ്‌ലറ്റ് നിർമ്മാണം W-16<br>PAC-149324/-<br>സി.ബി. ശോഭൻ | 23/2018-19/ 19.3.19 | 180 ദിവസം<br>17.5.2018 | 24.1.2019 | 149324 x 3% = 4480/-<br>149324 x 2.3% = 3434/- |

| | | | | | |
|---|---|---|---|---|---|
| | | | | | ആകെ 7914/- |
| 4 | 42 നമ്പർ അംഗൻവാടിയ്ക്ക് ടോയ്‌ലറ്റ് നിർമ്മാണം വാർഡ്-9. PAC-199592/- സി.ബി. ശോഭൻ | 36/2018-19/ 26.3.19 | 180 ദിവസം 18.6.2018 | 21.12.2018 | 199592 x 3% = 5988/- 199592 x 1.3% = 2594/- ആകെ 8582 |
| | ആകെ തുക | | | | 37271/- |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയില്ല. ഫൈൻ തുകയായ 37271/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-30 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ വിവിധ പദ്ധതികൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

01) 2018-19 ലെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച മാസ്റ്റർ സർക്കുലർ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 21/10/17 ലെ 394/ഡി.ഡി2/2017/LSGD നമ്പർ സർക്കുലർ എന്നിവ പ്രകാരം 2018-19 ൽ താഴെപ്പറയുന്ന മേഖലകൾക്ക് കീഴിൽ വരുന്ന പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പാക്കാൻ നിർദ്ദേശിച്ചിരുന്നത്.

1. പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ.
2. അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ.
3. ദേശീയ ഗ്രാമീണ ഉപജീവനമിഷൻ നിബന്ധനകൾ പാലിക്കുന്ന സ്വയംസഹായ സംഘങ്ങൾക്കുള്ള പൊതു അടിസ്ഥാനസൗകര്യങ്ങൾ.
4. ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ.

ഇതിൽ പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത് നടപ്പാക്കാൻ നിർദ്ദേശിച്ചിരുന്ന 6 ഇനം പൊതുപ്രവൃത്തികളിൽ വൃക്ഷത്തൈ ഉത്പാദനത്തിനുള്ള നഴ്സറി നിർമ്മാണം എന്ന ഇനമാണ് 2018-19 ൽ പ്രധാനമായും നടപ്പാക്കിയത്.മാർഗ്ഗരേഖ പ്രകാരം മറ്റ് മേഖലകളിൽ നടത്താവുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

02) 2018-19 സാമ്പത്തിക വർഷം നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങൾ, കിണർ റീച്ചാർജ്ജിംഗ്, ജലസ്രോതസ്സുകളുടെ സംരക്ഷണം, വെള്ളപ്പൊക്ക നിയന്ത്രണത്തിനുള്ള പദ്ധതികൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ഈ മേഖലകളിൽ വളരെ കുറച്ച് പദ്ധതികൾ മാത്രമാണ് നടപ്പായത്.

03) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികൾ, സർക്കാർ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടേയും വിവിധ അടിസ്ഥാന സൗകര്യവികസന, സാമൂഹ്യസുരക്ഷ, കാർഷികാനുബന്ധ മേഖലകളിലെ പദ്ധതികൾ എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളും തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുള്ള വിധം പദ്ധതി തയ്യാറാക്കുന്നതിനും നിർദ്ദേശിച്ചിരുന്നുവെങ്കിലും ലൈഫ്

ഭവനപദ്ധതി, സാനിട്ടറി ലാട്രിൻ നിർമ്മാണ മേഖലകളിലുള്ള പദ്ധതികൾ മാത്രമാണ് നടപ്പായത് .മറ്റ് വകുപ്പുകളുടെ പ്രവർത്തികളുമായി സംയോജിപ്പിച്ചുള്ള പദ്ധതി നിർവ്വഹണം നടപ്പായില്ല. ഇതുവഴി കൂടുതൽ ഗ്രാമീണ തൊഴിലവസരങ്ങളും ആസ്തികളും സൃഷ്ടിക്കപ്പെടാനുള്ള അവസരം പ്രയോജനപ്പെടുത്തിയില്ല.

04) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളിയുടെ ഏറ്റവും പ്രധാനപ്പെട്ട അവകാശങ്ങളിലൊന്നാണ് തൊഴിൽ പൂർത്തിയാക്കി 15 ദിവസത്തിനകം വേതനം ലഭിക്കുന്നതിനുള്ള അവകാശം. 15 ദിവസത്തിനകം വേതനം ലഭിക്കുന്നില്ലെങ്കിൽ വൈകുന്ന ദിവസങ്ങൾക്ക് ലഭിക്കാനുള്ള വേതനത്തിന്റെ .05% നിരക്കിൽ നഷ്ടപരിഹാരത്തിന് വ്യവസ്ഥയുണ്ട്. ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ 15 ദിവസത്തിനകം വേതനം ലഭിക്കുന്നതിനുള്ള റിക്വസ്റ്റ് നൽകുന്നുണ്ടെങ്കിലും വേതനം തൊഴിലാളികളുടെ അക്കൗണ്ടിലെത്തുന്നത് മാസങ്ങൾക്ക് ശേഷമാണ്.എന്നാൽ തൊഴിലാളികൾക്ക് അർഹമായ നഷ്ടപരിഹാരത്തുക ലഭിക്കുന്നുമില്ല.

05) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്നാണ് ഗ്രാമീണ മേഖലയിൽ തൊഴിൽ നൽകുന്നതിലൂടെ സാധ്യമാവുന്ന ഗ്രാമീണ ആസ്തി സൃഷ്ടിക്കൽ. ആകെ പദ്ധതിതുകയുടെ 30-40% തുക ഈ വിധമുള്ള പദ്ധതികൾക്കാണ് ചെലവഴിക്കേണ്ടത്. എന്നാൽ 2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ആകെ ചെലവഴിക്കപ്പെട്ട 10.91 കോടി രൂപയിൽ കേവലം 12 ലക്ഷത്തോളം രൂപ മാത്രമാണ് (.01%) പഞ്ചായത്ത് ആസ്തി സൃഷ്ടിക്കലിനായി ചെലവഴിക്കപ്പെട്ടത്. 2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ ആകെ 5 ഗ്രാമീണറോഡുകളുടെ നിർമ്മാണം മാത്രമാണ് ഈ വിഭാഗത്തിൽ നടത്താനായത്. മറ്റ് ആസ്തി സൃഷ്ടിക്കൽ, ആസ്തി സംരംക്ഷണ പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയില്ല.

കേന്ദ്ര സംസ്ഥാന സർക്കാർ മാനദണ്ഡങ്ങൾ കർശനമായും കൃത്യമായും പാലിച്ച് പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-31 തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽസ് സപ്ളൈയേഴ്സസിൽ നിന്നും ജി.എസ്.ടി റ്റി.ഡി.എസ് ഈടാക്കിയില്ല

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന ഗ്രാവൽ റോഡ് നിർമ്മാണ പ്രവർത്തികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവക്കായി നടത്തിയ മെറ്റീരിയൽസ് വാങ്ങലുകൾക്ക് ജി.എസ്.ടി ബാധകമാക്കിയിട്ടില്ല (സർക്കുലർ നം. 65/39/2018-DOR Dt. 14.09.2018 Dept. of Revenue, Ministry of Finance പ്രകാരം).

| ക്രമ നം. | 1 | 2 | 3 |
|---|---|---|---|
| പ്രോജക്ട് നം. | CS-498/MGNREGS | CS-568/MGNREGS | CS-498/MGNREGS |
| പ്രവർത്തിയുടെ പേര് | പൂന്നാട്ട് -ഐ.റ്റി.സി റോഡ് | മേച്ചരി-തയ്യിൽ റോഡ് | തോമസ് കുട്ടി വൈദ്യർ-അർത്തുങ്കൽ പള്ളി റോഡ് |
| അടങ്കൽ തുക | 364431 | 378072 | 359906 |
| ചെലവ് | 358469 | 371194 | 353879 |
| എം.ബുക്ക് നം. | 10-18-19/MGNREGS | 1/18-19/MGNREGS | 2/18-19/MGNREGS |
| പ്രവർത്തി | 31.03.19 | 15.01.2019 | 16.01.2019 |

| | | | |
|---|---|---|---|
| പൂർത്തീകരിച്ച തീയതി | | | |
| പ്രവർത്തിക്ക് ഉപയോഗിച്ച മെറ്റീരിയൽ വില | 3,27,575/- | 3,28,185/- | 319069/- |
| ബാധക മായ GST TDS @ 2% | 6,552 | 6564 | 6381 |
| സപ്ലൈയർ | സതീഷ് കുമാർ എം | ആന്റണി ഏലശ്ശേരിൽ, അർത്തുങ്കൽ | ആന്റണി ഏലശ്ശേരിൽ, അർത്തുങ്കൽ |
| FTO നം. & തിയതി | FTO -593313 Dt. 15-03-19 | FTO -621391 Dt. 27-03-19 | FTO -4555557 Dt.11-01-19 |

**സപ്ലൈ ഓർഡർ നൽകിയ 2,50,000/- രൂപക്കുമേലുള്ള (ജി.എസ്.ടി ഒഴികെ) എല്ലാ വാങ്ങലുകൾക്കും CGST Act, 2017 സെക്ഷൻ 51 പ്രകാരം 2% GST TDS സ്രോതസ്സിൽ നിന്നും ഈടാക്കി ബാക്കി തുക മാത്രമാണ് സപ്ലൈയർക്ക് നൽകേണ്ടത്. അല്ലാത്ത പക്ഷം സപ്ലൈയർ ഈ തുക ഗ്രാമപഞ്ചായത്തിൽ നേരിട്ട് ഒടുക്കേണ്ടതാണ്. ഈയിനത്തിൽ മൂന്ന് പ്രവർത്തികളിലുമായി ആകെ 19,498/- രൂപ നികുതി ഈടാക്കേണ്ടിയിരുന്നു. റോഡ് വർക്കുകളിൽ മെറ്റീരിയൽസ് സപ്ലൈക്കായി കരാർ വച്ചതിന്റെ രേഖകളും വാങ്ങിയ ഗ്രാവൽ, RCC പൈപ്പ് എന്നിവയുടെ ബില്ലുകളും ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. പദ്ധതികൾ നടപ്പാക്കുന്നവേളയിൽ ആവശ്യമായ എല്ലാ രേഖകളും ഉറപ്പുവരുത്തുവാനും നിയമാനുസൃത നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.**

# 1-32 അംഗൻവാടികളുടെ ഭൗതികസാഹചര്യം തൃപ്തികരമല്ല

ഗ്രാമപഞ്ചായത്തിൽ 47 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 25 എണ്ണം സ്വന്തം കെട്ടിടത്തിലും 22 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്. വാടകയ്ക്ക് പ്രവർത്തിക്കുന്നതിൽ 6 എണ്ണത്തിന് സ്വന്തമായി സ്ഥലം ഉള്ളതും കെട്ടിടനിർമ്മാണം നടന്നുവരുന്നതുമാണ്. ബാക്കി 16 എണ്ണത്തിൽ 2 എണ്ണത്തിന് സ്വന്തമായി സ്ഥലം ലഭ്യമായിട്ടുണ്ട്. ഇത് ജില്ലാ പഞ്ചായത്തിന്റെ കെട്ടിടനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്താൻ പ്രൊപ്പോസൽ അയച്ചിട്ടുള്ളതായി ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചു. എല്ലാ അങ്കണവാടികൾക്കും വൈദ്യുതി കണക്ഷൻ ടോയ്‌ലെറ്റ് സൗകര്യം, ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം, കുടിവെള്ള സൗകര്യം എന്നിവ ലഭ്യമാണ്.

22.03.2011-ലെ സർക്കുലർ നമ്പർ.31055/ഡി.സി.2/2011/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം എല്ലാ വർഷവും മെയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടകകെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ 2018-19 വർഷം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള അംഗൻവാടികൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിക്കാൻ പാടില്ല. അതിനാൽ അംഗൻവാടികളുടെ വാർഷികപരിശോധന നടത്തി ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകേണ്ടതും മതിയായ സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങൾക്ക് സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനം ഏർപ്പെടുത്തേണ്ടതുമാണ്.

അങ്കണവാടികളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമെങ്കിലും 14 എണ്ണത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തത് അപര്യാപ്തതയാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.31055/ഡി.സി.2/2011/

ത.സ്വ.ഭ.വ/22.03.2011-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ ബി.എസ്.എൻ.എൽ. മൊബൈൽ ടവറിന്റെ 2013-14 മുതൽ 2018-19 സാമ്പത്തിക വർഷം വരെയുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം. & കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | ഒന്നാം അർദ്ധവർഷത്തെ തുക | ലൈബ്രറി സെസ്സ് | രണ്ടാം അർദ്ധവർഷത്തെ തുക | ലൈബ്രറി സെസ്സ് |
|---|---|---|---|---|---|---|
| 21/486 | മാനേജർ, ബി.എസ്.എൻ.എൽ ആലപ്പുഴ | 2013-14 | 6325 | 316 | 6325 | 316 |
| | | 2014-15 | 6325 | 316 | 6325 | 316 |
| | | 2015-16 | 6325 | 316 | 6325 | 316 |
| | | 2016-17 | 6325 | 316 | 6325 | 316 |
| | | 2017-18 | 6325 | 316 | 6325 | 316 |
| | | 2018-19 | 6325 | 316 | 6325 | 316 |
| | | ആകെ | 37950 | 1896 | 37950 | 1896 |
| ആകെ വസ്തുനികുതി | | | 75900 | | | |
| ആകെ ലൈസൻസ് സെസ് | | | 3772 | | | |

വസ്തു നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. : 5/19.10.2019) മറുപടി ലഭ്യമാക്കിയില്ല. തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി ഒടുക്കുവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 2-2 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം ഈടാക്കേണ്ട തുക | രണ്ടാം അർദ്ധവർഷം ഈടാക്കേണ്ട തുക | നഷ്ടം |
|---|---|---|---|---|
| 1 | മാവേലി സ്റ്റോർ അർത്തുങ്കൽ | - | 1250 | 1250 |
| 2 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് ചേർത്തല | - | 1250 | 1250 |
| 3 | ചേർത്തല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1250 | - | 1250 |
| ആകെ | | | | 3750 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ:03/18.10.19) സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കി ഒടുക്ക വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 2-3 പനമ്പിൽ – കളത്തിൽ റോഡ് നിർമ്മാണം – നിശ്ചിത തീയതിക്കകം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

പനമ്പിൽ – കളത്തിൽ റോഡ് നിർമ്മാണം എന്ന പ്രവൃത്തി നടപ്പാക്കുന്നതിനായി ടെണ്ടർ ലഭിച്ച കരാറുകാരനായ ശ്രീ.സതീഷ് കുമാറിന് ഗ്രാമപഞ്ചായത്തുമായി കരാർ ചമച്ച് പ്രവൃത്തി ആരംഭിക്കുന്നതിനായി

നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ 3.11.18 ൽ സെലക്ഷൻ നോട്ടീസ് നൽകുകയുണ്ടായി. സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ ചമയ്ക്കുന്നതിനുള്ള അവസാന തീയതി 17.11.18 ഉം 1% പിഴയോടുകൂടി കരാർ ചമയ്ക്കുന്നതിനുള്ള അവസാന തീയതി 27.11.18 ഉം ആണ്. ശ്രീ.സതീഷ് കുമാർ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്നത് 19.11.18 ന് ആണ്. ഇതനുസരിച്ച് ടിയാനിൽ നിന്നും പി.എ.സിയുടെ 1% തുക പിഴ ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനകം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയാണ് ബിൽ തയ്യാറാക്കി തുക നൽകിയിട്ടുള്ളത്. ആയതിനാൽ പി.എ.സി (2,57,902/-)യുടെ 1% ആയ 2,579/- കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിലനിർത്തുന്നതാണ്.

ബിൽ നം. 18/2018-19/30.1.2019 – തുക- 2,22,394/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 തനതുഫണ്ട് ചെലവ് - അധികം നൽകിയ തുക അനുവദിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ അർത്തുങ്കൽ പൊഴി, ചേന്നവേലി പൊഴി എന്നിവ മുറിച്ച് വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വർഷങ്ങളായി തുക നൽകുന്നുണ്ട്. 2018-19 ൽ ശ്രീ.പ്രസാദ് കെ എന്നയാൾക്കാണ് ക്വട്ടേഷൻ പ്രകാരം ഈ പ്രവൃത്തിക്ക് കരാർ നൽകിയിട്ടുള്ളത്. ഇതിന്റെ വൗച്ചറുകൾ പരിശോധിച്ചതിൽ 30/07/2018 ൽ അർത്തുങ്കൽ പൊഴി മുറിച്ചതിനായി 4550 രൂപ 17/10/2018 ലെ 675 ാം നമ്പർ വൗച്ചർ പ്രകാരവും (ചെക്ക് നം-300270 dt 10/10/2018) 30/11/2018 ലെ 822 ാം നമ്പർ വൗച്ചർ പ്രകാരവും (ചെക്ക് നം-300277 dt 29/11/2018) ശ്രീ.പ്രസാദ് കെ.ക്ക് നൽകിയിട്ടുണ്ട്.രണ്ട് വൗച്ചറുകളുടേയും ഒപ്പം 30/07/2018 ൽ അർത്തുങ്കൽ പൊഴി മുറിച്ചതായി ബന്ധപ്പെട്ട 20 ാം വാർഡ് മെമ്പറുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിക്കുന്ന ജെ.സി.ബി വാടക-പൊഴിമുറിക്കൽ രജിസ്റ്ററിൽ 30/07/2018 ൽ ചേന്നവേലി പൊഴിയും അർത്തുങ്കൽ പൊഴിയും മുറിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ രജിസ്റ്ററിൽ 31/07/2018 ൽ ചേന്നവേലി പൊഴി മുറിച്ചതിന് 10/08/2018ലെ 499 ാം നമ്പർ വൗച്ചർ പ്രകാരം (ചെക്ക് നം-300255 dt 10/08/2018) നൽകിയ വിവരം ചേർത്തിട്ടുമില്ല. ഈയിനത്തിൽ അധികം നൽകിയ 4550 രൂപ തിരികെ ഈടാക്കേണ്ടതാണ്.

# 3-2 കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികളിൽ നിന്ന് ഫൈൻ ഈടാക്കിയില്ല

2012 ലെ പി.ഡബ്ല്യൂ.ഡി. മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാർ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം

PAC യുടെ 0.1% നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള എല്ലാ പ്രവൃത്തികളിലും പിഴ സംബന്ധിച്ച് 2012 നുമുമ്പ് നിലനിന്നിരുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തന്മൂലം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരനിൽനിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രോജക്റ്റ് നം, എഗ്രീഡ് പി എ സി, കരാറുകാരന്റെ പേര് | ബിൽ നം / തീയതി | കരാർ കാലാവധി, പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി, | പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ തുക |
|---|---|---|---|---|---|
| 1 | കൊച്ചിറ ഭജനമഠം – പാലത്തിങ്കൽ റോഡിന് കുറുകെ കല്ലുകെട്ട്<br>PAC-598916/-<br>സി.ബി. ശോഭൻ | 9/2018-19/ 31.5.18 | 180 ദിവസം<br>23.3.18 | 23.5.2018 | 598916 x 3% = 17967/- |
| 2 | 57-ാം നമ്പർ അംഗൻവാടി മെയിന്റനൻസ് & ടോയ്ലറ്റ് നിർമ്മാണം.<br>PAC-280761/-<br>ഖാദിൽക്കർ.ആർ | 12/2018-19/ 30.6.18. | 90 ദിവസം<br>2.5.2018 | 29.5.2018 | 280761 x 1% = 2808/- |
| 3 | 56 നമ്പർ അംഗൻവാടിയ്ക്ക് ടോയ്ലറ്റ് നിർമ്മാണം W-16<br>PAC-149324/-<br>സി.ബി. ശോഭൻ | 23/2018-19/ 19.3.19 | 180 ദിവസം<br>17.5.2018 | 24.1.2019 | 149324 x 3% = 4480/-<br>149324x2.3% = 3434/-<br>ആകെ 7914/- |
| 4 | 42 നമ്പർ അംഗൻവാടിയ്ക്ക് ടോയ്ലറ്റ് നിർമ്മാണം വാർഡ്-9.<br>PAC-199592/-<br>സി.ബി.ശോഭൻ | 36/2018-19/ 26.3.19 | 180 ദിവസം<br>18.6.2018 | 21.12.2018 | 199592 x 3% = 5988/-<br>199592 x 1.3% = 2594/-<br>ആകെ 8582 |
| | ആകെ തുക | | | | 37271/- |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയില്ല. ഫൈൻ തുകയായ 37271/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>ഭാഗം -4</u>

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 30.05.2019-31.05.2019 | കെ.എസ്.എ-എ.എൽ.പി/പി13-625/19 തീയതി. 29.06.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 425000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 411740 | 13260 |
| | | 209780 | പച്ചക്കറികൃഷി വികസനം | 209780 | 0 |
| | | 592500 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ | 592500 | 0 |
| | | 1668216 | ലൈഫ് ഭവന നിർമ്മാണം ജനറൽ | 1668216 | 0 |
| | | 403920 | ലൈഫ് ഭവന നിർമ്മാണം (എസ്.സി.) | 0 | 403920 |
| | | 200000 | ലൈഫ് ഭവന നിർമ്മാണം (എസ്.റ്റി) | 0 | 200000 |
| | | 429000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 401875 | 27125 |
| | | 200000 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി | 0 | 200000 |
| | | 100000 | പാലിയേറ്റീവ് കെയർ | 0 | 100000 |
| | | 500000 | പാലിന് സബ്സിഡി | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2827479 | ലൈഫ് ഭവന നിർമ്മാണം ജനറൽ | 2822647 | 4832 |
| | | 191294 | ലൈഫ് ഭവന നിർമ്മാണം (എസ്.സി.) | 0 | 191294 |
| | | 437500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 401875 | 35625 |
| | | 500000 | പാലിന് സബ്സിഡി | 500000 | 0 |
| | | 580000 | 58-ാം നമ്പർ അംഗൻവാടി നിർമ്മാണം | 238905 | 341095 |
| | | 580000 | 78-ാം നമ്പർ അംഗൻവാടി നിർമ്മാണം | 201959 | 378041 |
| | | 580000 | 77-ാം നമ്പർ അംഗൻവാടി നിർമ്മാണം | 305498 | 274502 |

| | | | | | |
|---|---|---|---|---|---|
| | | 580000 | 70-ാം നമ്പർ അംഗൻവാടി നിർമ്മാണം | 0 | 580000 |
| | | 580000 | 79-ാം നമ്പർ അംഗൻവാടി നിർമ്മാണം | 0 | 580000 |
| | | 100000 | എസ്.എൻ.പി.വിഹിതം | 0 | 100000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പൊതുമരാമത്ത് വകുപ്പ് | 55-ാം നമ്പർ അംഗൻവാടി നിർമ്മാണം | 21801335 | 51000 | 0 | 51000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 17/2018-19 | 468224 | 0 | 468224 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 58869137/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | G.O(MS) 68/18 18.05.2018 | 58869137 | 58869137 | 0 | 0 | 58869137 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 31070/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2008-09 | 3-5,3-8 | 613 | ശ്രീ. ജോസ് ബെനറ്റ്, പഞ്ചായത്ത് അംഗം | 118020100112/12.04.2018 |
| 2015-16 | 3-3 | 29094 | മാനേജിംഗ് ഡയറക്ടർ, കാഡ്കോ | 118020400001/26.06.2018 |
| 2008-09 | 3-5,3-8 | 613 | ശ്രീ. ബാബു ആന്റണി, പഞ്ചായത്ത് അംഗം | 118020102222/29.09.2018 |
| 2016-17 | 2-2(എ) | 750 | ശ്രീമതി. മനോഹരി, പോസ്റ്റ് ഓഫീസ് | 118020103170/21.12.2018 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2000-01 | 2-5 | 2003-04 | ഉഴവ് യന്ത്രം വാടക സംബന്ധിച്ച് | പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം പരാമർശം ഒഴിവാക്കണമെന്ന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയോട് അഭ്യർത്ഥിച്ച് കത്ത് അയച്ചു. |
| 2000-01 | 8 | 2003-04 | പമ്പ് സെറ്റ് വിതരണം | |
| 2000-01 | 47 | 2003-04 | കുഴൽകിണർ | |
| 2000-01 | 33 | 2003-04 | വനിതകളുടെ റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ് | |
| 2000-01 | 28 | 2003-04 | വോട്ടർപട്ടിക തയ്യാറാക്കിയത് അധികചെലവ് | |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

**(എ) <u>ചാർജ് നടപടി വഴി ഈടാക്കിയ തുക</u>**

ഇല്ല

**(ബി) <u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>**

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/തീയതി) | ആകെ ലഭ്യമായ തുക |
|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | 2008-09 | 3-5, 3-8 | ശ്രീമതി.ലീലാമ്മ ആന്റണി, | KSA/7522/Spl.Cell/ CSC/B3/2014 dtd. | 613 | 118020101783/13.08.2018 | 613 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | മേച്ചേരിൽ | 25.10.2017 | | | |
| 2 | 2008-09 | 3-5, 3-8 | ശ്രീ.ജോസ് ബെന്നറ്റ്, പള്ളിക്കത്തയ്യിൽ | KSA/7522/Spl.Cell/CSC/B3/2014 dtd. 25.10.2017 | 613 | 118020100112/12.04.2018 | 613 |
| 3 | 2008-09 | 3-5, 3-8 | ശ്രീ ബാബു ആന്റണി, ഇലഞ്ഞിയിൽ | KSA/7522/Spl.Cell/CSC/B3/2014 dtd. 25.10.2017 | 613 | 118020102222/29.09.2018 | 613 |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ). <u>സംക്ഷിപ്ത വിവരം</u>**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 184144601 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 123178157 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 82229 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 41821 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 891177 |

**(ബി). <u>ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 75900 | | അജയകുമാർ പി, സെക്രട്ടറി |
| 2-2 | 3750 | | അജയകുമാർ പി, സെക്രട്ടറി |
| 2-3 | 2579 | | പ്രസീജ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | | 4550 | അജയകുമാർ പി, സെക്രട്ടറി |
| 3-2 | | 37271 | പ്രസീജ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | **82229** | **41821** | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15(4) | 125000 | അജയകുമാർ പി, സെക്രട്ടറി |
| 1-16 | 468224 | അജയകുമാർ പി, സെക്രട്ടറി |

| | | |
|---|---|---|
| 1-18(3) | 220000 | ഷാജി.എസ്, അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്) |
| 1-24 | 77953 | ഡോ. സിനി വിജയൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി (ചാർജ്ജ്) |
| **ആകെ** | **891177** | |

**(സി)** **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-31 | 19497 |
| 2-1 | 3772 |
| ആകെ | 23269 |

**(ഡി)** **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖ. 1-15

**(ഇ)** **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അജയകുമാർ പി, സെക്രട്ടറി | സെക്രട്ടറി, ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത് | ശ്രീശങ്കരം, പുന്നപ്ര നോർത്ത് പി.ഒ, ആലപ്പുഴ |
| ഷാജി.എസ്, അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്) | അസിസ്റ്റന്റ് സെക്രട്ടറി, തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് | ഷാജിഭവൻ, മരുത്തോർവട്ടം.പി.ഒ, ചേർത്തല |
| പ്രസീജ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി., പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | പ്രദീപ് നിവാസ്, ആറങ്ങാട്ട് പറമ്പ്, ആലത്തൂർ പി ഒ, പാലക്കാട് |
| ഡോ. സിനി വിജയൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി (ചാർജ്ജ്) | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മുഹമ്മ | വിജയഭവനം, മുനമ്പലം, പുത്തനമ്പലം, കൊല്ലം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 & 2003-04 | എൽ.എഫ്.ജി.എ5-1832/11/20.1.12 |
| 2004-05 & 2005-06 | എൽ.എഫ്.ജി.എ5-161/13/9.9.13 |
| | |

| | |
|---|---|
| 2006-07 | കെ.എസ്.എ-എ.എൽ.പി/പി13-1612/18 തീയതി, 12.02.2019 |
| 2007-08 | എൽ.എഫ്.എ.പി5-1293/10/19.3.13 |
| 2008-09 & 2009-10 | എൽ.എഫ്.എ.പി5-1661/13/12.3.14 |
| 2010-11 & 2011-12 | എൽ.എഫ്.എ.പി5-986/14/11.9.14 |
| 2012-13 | കെ.എസ്.എ-എ.എൽ.പി/പി5-176/15 തീയതി, 23.09.2015 |
| 2013-14 | കെ.എസ്.എ-എ.എൽ.പി/പി5-411/2016 തീയതി, 29.04.2016 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി13-773/16 തീയതി, 28.03.2017 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി13-1309/16 തീയതി, 25.09.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി.13/653/17 തീയതി, 16.02.2018 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി.13/38/2019 തീയതി, 19.06.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ

# <u>അനുബന്ധം-1</u>

നം.കെ.എസ്.എ-എ.എൽ.പി/പി13-625/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,<br>
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ<br>
തീയതി: 29.06.2019

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>
ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# <u>അനുബന്ധം-2</u>

<table>
<tr><td>1.</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td><td rowspan="3">സംക്ഷിപ്തം (Audited Abstract)</td></tr>
<tr><td>2.</td><td>ഇൻകം & എക്സ്പെൻഡിച്ചർ</td></tr>
<tr><td>3.</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ